SJD/3827/2022-C2

I/60253/2022

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :26-09-2022
Email -swdkerala@gmail.com
Phone : 0471 – 2306040

## സർക്കുലർ

വിഷയം: സാമൂഹ്യനീതി ഡയറക്ടറേറ്റ് - കീഴ് കാര്യാലയങ്ങളിൽ ഉപയോഗിച്ചു വരുന്ന വാഹനങ്ങളുടെ കരാർകാലാവധി നീട്ടുന്നത് -സംബന്ധിച്ച്.

സൂചന: വിവിധ കാര്യാലയങ്ങളിൽ നിന്നുള്ള അപേക്ഷകൾ.

സാമൂഹ്യനീതി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന വാഹനമില്ലാത്ത കീഴ് കാര്യാലയങ്ങളിൽ, കരാർ അടിസ്ഥാനത്തിൽ ഒരുവർഷത്തേക്ക് വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിനു കഴിഞ്ഞ സാമ്പത്തിക വർഷം അനുമതി നൽകി ഉത്തരവായിരുന്നു. കരാർ വാഹനങ്ങൾക്ക് നിലവിൽ നൽകി വരുന്ന നിരക്ക് വളരെ കുറവാണെന്ന പരാതികൾ ലഭിച്ചതിനാൽ, തുക വർദ്ധിപ്പിക്കുന്നതിനായി സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. തുക വർദ്ധിപ്പിച്ചുകൊണ്ടുള്ള സർക്കാർ അനുമതി ലഭിച്ച്, ടെണ്ടർനടപടികൾ പൂർത്തിയാക്കി, വാഹനം ലഭ്യമാക്കുവാൻ കാലതാമസം നേരിടാൻ സാധ്യത ഉള്ളതിനാലും ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു ഔദ്യോഗിക വാഹനം അനിവാര്യമായതിനാലും കീഴ്കാര്യാലയങ്ങളിൽ നിലവിൽ കരാർ അടിസ്ഥാനത്തിൽ ഉപയോഗിച്ചു വരുന്നതും കരാർ കാലാവധി കഴിഞ്ഞതുമായ വാഹനങ്ങൾ 2022 ഒക്ടോബർ ഒന്ന് മുതൽ ഡിസംബർ 31 വരെ നിലവിലെ നിരക്കുകൾക്കും വ്യവസ്ഥകൾക്കും വിധേയമായി താൽകാലികമായി തുടർന്നും ഉപയോഗിക്കുന്നതിനു അനുമതി നൽകുന്നു. നിലവിലെ വാഹനങ്ങൾ ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്ന നിരക്കിൽ ഓടാൻ സാധിക്കില്ല എന്നറിയിച്ചിട്ടുള്ള കാര്യാലയങ്ങളിൽ പ്രസ്തുത നിരക്കിൽ മൂന്നു മാസത്തേക്ക് പുതിയ ടെണ്ടർ/ക്വട്ടേഷൻ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

M. ANJANA IAS
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട കീഴ് കാര്യാലയ മേധാവികൾക്ക്

അംഗീകാരത്തോടെ,

പ്രീതി വിൽസൺ
അസിസ്റ്റന്റ് ഡയറക്ടർ
(PEN No. 692899)
സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം